CHRISTIAN MUSICOLOGICAL SOCIETY OF INDIA

# ജനസംഖ്യ കണക്ക്

## No. 12.

.....................................പള്ളിയുടെ ബ: വികാരിയച്ചന്നാശീർവ്വാദം.

സർക്കാരിൽനിന്നു ജനസംഖ്യ (Census) എടുക്കുന്ന സമയം ഏതു മതക്കാരാണെന്നു നമ്മുടെ ജനങ്ങളോടു ചോദിക്കുമ്പോൾ പലരും പലതരത്തിലാണു് ഉത്തരം കൊടുക്കാറുള്ളതെന്നു അറിയുന്നു. ചിലർ ക്രിസ്ത്യാനികൾ എന്നുമാത്രം പറയുന്നതിനാൽ നമ്മെ പ്രൊട്ടസ്റ്റാൻറുകാരുടെ കൂട്ടത്തിലും, ചിലർ സുറിയാനിക്കാർ എന്നു പറയുന്നതിനാൽ യാക്കോബായക്കാരുടെ കൂട്ടത്തിലും വേറെ ചിലർ കൽദായ സുറിയാനിക്കാർ എന്നു പറയുന്നതിനാൽ തൃശ്ശൂരുള്ള ശീശ്മക്കാരുടെ കൂട്ടത്തിലും ചേർത്തു എണ്ണുവാൻ ഇടയാകുന്നു. മററു ചിലർ റോമൻ കത്തോലിക്കർ എന്നുമാത്രം പറയുന്നതിനാൽ നമ്മെ ലത്തീൻകാരുടെ കൂട്ടത്തിലും ചേർക്കുന്നു.

ഇങ്ങനെയുള്ള കുഴപ്പങ്ങൾ വരാതെയിരിപ്പാൻ വേണ്ടി അടുത്ത തവണ ജനസംഖ്യ എടുക്കുവാൻ വരുമ്പോൾ നമ്മുടെ വന്ദ്യ മുൻഗാമി മുമ്പൊരിക്കൽ കല്പിച്ചിട്ടുള്ളതുപോലെ **"റോമൻ കത്തോലിക്കാ സുറിയാനിക്കാർ"** എന്നു പറഞ്ഞുകൊടുത്തു കണക്കിൽ എഴുതിക്കണമെന്നു് നമ്മുടെ ജനങ്ങളെ ഈ കല്പന വഴിയായി പള്ളിയിൽ അറിയിക്കയും നിങ്ങൾ ഉപദേശങ്ങൾ വഴിയായി നമ്മുടെ ജനങ്ങളെ ടി കാര്യവിവരം തെളിവായി ഉടനെ ഗ്രഹിപ്പിക്കയും വേണം.

ഈ തവണ ആദ്യമായി ജനസംഖ്യ എടുക്കുന്നതു അടുത്ത ഫെബ്രുവരി 1-ാംനു ആണു്.

എന്നു് എറണാകുളത്തു നമ്മുടെ അരമനയിൽനിന്നും
1921 ജാനുവരി 20-ാംനു
എറണാകുളം വികാരി അപ്പ
✠ കണ്ടത്തിൽ ആഗുസ്തീനോസു മെത്രാൻ

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA
REG. NO. 118/IV/2016

For further information
regarding this text Please contact:

*info@thecmsindia.org*
*library@thecmsindia.org*

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

- DIGITAL LIBRARY
- ARAMAIC PROJECT
- DIRECTORY OF CHRISTIAN SONGS
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART